"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് — പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് - 2021-22-ലെ ഗ്രാന്റിന്റെ രണ്ടാം ഗഡുവായി മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1078/2023/LSGD    തീയതി,തിരുവനന്തപുരം, 20-05-2023

പരാമർശം:-

1. സ.ഉ.(സാധാ)നം.553/2019/തസ്വഭവ; തീയതി 07.03.2019
2. സ.ഉ.(സാധാ)നം.7/2022/തസ്വഭവ; തീയതി 02.01.2022
3. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022
4. സ.ഉ.(സാധാ)നം.7506/2022/ധന; തീയതി 07.11.2022
5. സ.ഉ.(സാധാ)നം. 7544/2022/ധന; തീയതി 08.11.2022
6. സ.ഉ.(സാധാ)നം. 3157/2022/തസ്വഭവ; തീയതി 21.12.2022
7. സ.ഉ.(സാധാ) നം.555/2023/ആ.കു.വ; തീയതി 12.03.2023
8. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29-04-2023 ലെ LSGD/PD/15167/2023-DPLD4 നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. അവാർഡ് കാലയളവിൽ (2021-2026) ആറ് സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഇതിൽ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പാക്കുന്ന 'അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ' എന്ന സ്കീം 6-നുള്ള 2021-22 ലെ ഗ്രാന്റിന്റെ ആദ്യ ഗഡുവായി 19171.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആദ്യ ഗഡുവായി അനുവദിച്ച തുകയുടെ വിനിയോഗത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 3, 6 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകി നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. 'അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ' എന്ന സ്കീം 6-നുള്ള 2021-22 ലെ ഗ്രാന്റിന്റെ രണ്ടാം ഗഡുവായി ലഭിച്ച 9430 ലക്ഷം രൂപ പരാമർശം 4, 5, 8 ഉത്തരവുകൾ പ്രകാരം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ചിട്ടുണ്ട്. ഏഴ്

പ്രവർത്തനങ്ങൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

**2.1 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ** (Universalization of Palliative Care in Urban Pockets) - 2448 **ലക്ഷം രൂപ**

(1) എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തുക അനുവദിച്ചിട്ടുണ്ട് (അനുബന്ധം-1). ഈ തുക ഉപയോഗപ്പെടുത്തിക്കൊണ്ട് പരാമർശം 1 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ 2023-24 സാമ്പത്തിക വർഷം നടപ്പാക്കാവുന്നതാണ്.

(2) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഭേദഗതി ചെയ്യാവുന്നതും ഇതുവരെ ചെലവഴിച്ചത് കഴിച്ചുള്ള ബാക്കി തുക മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

(3) ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക തികയാതെ വരികയാണെങ്കിൽ വാർഷിക പദ്ധതിയിൽ ഇതിനായി തുക വകയിരുത്താവുന്നതാണ് (ഖണ്ഡിക 4.4 കാണുക).

(4) നിലവിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്ന അതേ ആരോഗ്യ സ്ഥാപനം(ങ്ങൾ) മുഖേന പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

**2.2 ക്യാൻസർ കെയർ പ്രോജക്റ്റ് - 209.10 ലക്ഷം രൂപ** (Comprehensive Project for the Prevention, Early detection and Management of oral, breast and cervical cancer)

(1) നിലവിൽ ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും സമഗ്ര ക്യാൻസർ കെയർ പ്രോജക്ട് നടപ്പാക്കി വരുന്നുണ്ട്. വായിലെയും സ്തനങ്ങളിലെയും ഗർഭാശയത്തിലെയും ക്യാൻസർ തടയുകയും മുൻകൂട്ടി കണ്ടെത്തി ചികിത്സ ലഭ്യമാക്കുകയുമാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.

(2) ക്യാൻസർ കെയർ പ്രോജക്ട് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിപുലമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട് (അനുബന്ധം-1). ഈ പ്രോജക്ട് നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും (UPHCs) നഗരഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും (PHCs/FHCs/CHCs/Taluk Hospitals/General Hospitals/District Hospitals) നടപ്പാക്കണം. നഗര പ്രദേശങ്ങളിൽ പുതുതായി ആരംഭിക്കുന്ന ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കേണ്ടതില്ല.

(3) ഒന്നിലേറെ ആശുപത്രികൾ ഉള്ള നഗരഭരണ സ്ഥാപനങ്ങളിൽ ഓരോ ആശുപത്രിക്കും വേണ്ടി അതത് ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായിക്കൊണ്ട് വെവ്വേറെ പ്രോജക്ടുകൾ തയ്യാറാക്കണം. എല്ലാ ആശുപത്രികൾക്കും വേണ്ടി ഒരു പ്രോജക്ട് എന്ന രീതി അവലംബിക്കാൻ പാടില്ല.

(4) ആശുപത്രിയിൽ ഒരു മെഡിക്കൽ ഓഫിസർ മാത്രമാണ് ഉള്ളതെങ്കിൽ ആ മെഡിക്കൽ ഓഫിസർ ആയിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ. ഒന്നിലേറെ മെഡിക്കൽ ഓഫിസർമാർ ഉള്ള ആശുപത്രികളിൽ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസർക്ക് ഈ പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നഗരഭരണ സ്ഥാപനം നിശ്ചയിച്ച് നൽകേണ്ടതാണ്.

(5) നഗരഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ (ഉദാ: ജനറൽ ആശുപത്രി) ഈ പ്രോജക്ട് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രികളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസർക്ക് പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നിശ്ചയിച്ച് നൽകിക്കൊണ്ട് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകുന്നതാണ്. ഇപ്രകാരം ആരോഗ്യ വകുപ്പ് ചുമതല നിശ്ചയിച്ച് നൽകുന്ന മെഡിക്കൽ ഓഫീസർമാർ, അവർ നഗരഭരണ സ്ഥാപനത്തിന് കൈമാറിയ ഉദ്യോഗസ്ഥർ അല്ലെങ്കിൽ പോലും, ഈ പ്രോജക്ട് നടപ്പാക്കുന്നതിന് നഗരഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കേണ്ടതാണ്.

(6) നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കാര്യത്തിൽ ക്യാൻസർ കെയർ പ്രോജക്ടിന്റെ ഭാഗമായുള്ള ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പരാമർശം 6 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 5-ൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്.

(7) ക്യാൻസർ കെയർ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള മാർഗരേഖ (SOP) ആരോഗ്യവകുപ്പ് പരാമർ ശം 7 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ മേല്പറഞ്ഞ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിനും പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിനും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ചിട്ടുള്ള തുക ഉപയോഗപ്പെടുത്താവുന്നതാണ്.

**2.3 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ആവർത്തന ചെലവുകൾ** (Recurring cost for UPHCs and CHCs/PHCs/FHCs in Urban Area) — 546.21 **ലക്ഷം രൂപ** [300.56 + 245.65]

(1) നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും നിലവിലുള്ള നഗര ഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട് (അനുബന്ധം-2).

(2) മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിലുള്ള നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ദൈനംദിന ചെലവുകൾ വഹിക്കുന്നതിന് ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ഉപയോഗപ്പെടുത്താവുന്നതാണ്.

(3) ഒന്നിലേറെ ആശുപത്രികൾ ഉള്ള നഗരഭരണ സ്ഥാപനങ്ങളിൽ ഓരോ ആശുപത്രിക്കും വേണ്ടി അതത് ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായിക്കൊണ്ട് വെവ്വേറെ പ്രോജക്ടുകൾ തയ്യാറാക്കണം. എല്ലാ

ആശുപത്രികൾക്കും വേണ്ടി ഒരു പ്രൊജക്ട് എന്ന രീതി അവലംബിക്കാൻ പാടില്ല.

(4) ആശുപത്രിയിൽ ഒരു മെഡിക്കൽ ഓഫിസർ മാത്രമാണ് ഉള്ളതെങ്കിൽ ആ മെഡിക്കൽ ഓഫിസർ ആയിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ. ഒന്നിലേറെ മെഡിക്കൽ ഓഫിസർമാർ ഉള്ള ആശുപത്രികളിൽ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസർക്ക് ഈ പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നഗരഭരണ സ്ഥാപനം നിശ്ചയിച്ച് നൽകേണ്ടതാണ്.

(5) നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കാര്യത്തിൽ ഈ പ്രൊജക്ടിന്റെ ഭാഗമായുള്ള ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പരാമർശം 6 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 5 ൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്.

( 6 ) തുക വിനിയോഗിക്കാവുന്ന ഇനങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

**2.4 നഗര മേഖലയിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ (Establishment of Urban Public Health Units) - 1133.30 ലക്ഷം രൂപ**

(1) ഗ്രാമീണ മേഖലയിൽ ബ്ലോക്ക് തലത്തിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇതേ മാതൃകയിൽ, ഓരോ ജില്ലയിലെയും നഗര മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ ആരംഭിക്കുന്നത്. ഒരു ജില്ലയിൽ ഒരു പൊതുജനാരോഗ്യ യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പൊതുജനാരോഗ്യ യൂണിറ്റിനോട് അനുബന്ധിച്ച് അർബൻ പബ്ലിക് ഹെൽത്ത് ലബോറട്ടറിയും അർബൻ HMIS (ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സെല്ലും ഉണ്ടാകണം. അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകുന്നതാണ്.

(2) ഗ്രാന്റ് അനുവദിച്ച നഗരഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം 3 ൽ നൽകിയിട്ടുണ്ട്. അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

(3) നഗര ഭരണ സ്ഥാപനത്തിന് ഇതിനായി ലഭ്യമായ ഹെൽത്ത് ഗ്രാന്റ്(2021-22) ഉപയോഗപ്പെടുത്തി, താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

i. Epidemiologist, Lab Technicians, Data Manager തുടങ്ങി പബ്ലിക് ഹെൽത്ത് യൂണിറ്റിലേയ്ക്ക് നിയോഗിക്കപ്പെടുന്നവർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ - കെട്ടിട നവീകരണം, പാർട്ടീഷനിംഗ്, ഫർണിച്ചർ വാങ്ങൽ, ലാബ് നവീകരണം മുതലായവ.

ii. പൊതുജനാരോഗ്യ പ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ.

iii. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ലാബ് ഉപകരണങ്ങൾ K M S C L വഴി വാങ്ങാവുന്നതാണ്. ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയും ഏറ്റെടുക്കാവുന്നതാണ്.

iv. ലാബിലേയ്ക്കുള്ള റീയേജന്റ്, കിറ്റ് തുടങ്ങിയവ വാങ്ങുന്നതിനും തുക ഉപയോഗിക്കാവുന്നതാണ്.

(4) പുതുതായി ആരംഭിക്കുന്ന അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റിലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ എൻ.എച്ച്.എം വഴി നിയോഗിക്കുന്നതും വേതനം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകുന്നതുമാണ്.

## 2.5 നഗര മേഖലയിൽ പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ (Establishment of Poly Dental Clinics) - 2400 ലക്ഷം രൂപ

1. കേരളത്തിലെ ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ ഡെന്റൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ ഡെന്റൽ സ്പെഷ്യാലിറ്റി സേവനങ്ങൾ കുറവാണ്. ഡെന്റൽ സ്പെഷ്യാലിറ്റി സേവനങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് അർബൻ പോളി ഡെന്റൽ ക്ലിനിക്കുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇടുക്കി, വയനാട് ജില്ലകളിൽ രണ്ട് പോളി ഡെന്റൽ ക്ലിനിക്കുകൾ വീതവും മറ്റ്12 ജില്ലകളിൽ മൂന്ന് യൂണിറ്റുകൾ വീതവുമാണ് 2021-22 ലെ ഹെൽത്ത് ഗ്രാന്റിൽ അനുവദിച്ചിട്ടുള്ളത്. അർബൻ പോളി ഡെന്റൽ ക്ലിനിക്കുകൾ ആരംഭിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെയും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അനുബന്ധം 4 ൽ നൽകിയിട്ടുണ്ട്.

2. പുതുതായി ആരംഭിക്കുന്ന പോളി ഡെന്റൽ ക്ലിനിക്കിലേക്ക് ആവശ്യമുള്ള ജീവനക്കാരെ എൻ.എച്ച്.എം വഴി നിയോഗിക്കുന്നതും വേതനം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകുന്നതുമാണ്.

3. ക്ലിനിക് ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേതനം ഒഴികെയുള്ള മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ (SOP) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

## 2.6 വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണ സംവിധാനം (Urban Multi-Disciplinary Unit for the Total Health Care of the Elderly) - 1433.39 ലക്ഷം രൂപ

(1) വയോജനങ്ങളുടെ ആരോഗ്യത്തിനും പരിചരണത്തിനും കേരളം മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും വയോജന പരിചരണ ക്ലിനിക്കുകൾ പ്രവർത്തിച്ച വരുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരഭരണ സ്ഥാപനങ്ങളിലും പാലിയേറ്റീവ് പരിചരണ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വയോമിത്രം ക്ലിനിക്കുകളും പ്രവർത്തിച്ച

വരുന്നു. വയോജനങ്ങൾക്കാവശ്യമായ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിൽ സവിശേഷ ശ്രദ്ധയാണ് സംസ്ഥാനം നൽകുന്നത്.

( 2 ) മേൽ വിവരിച്ച പ്രകാരം ഓരോ ജില്ലയിലും വയോജനങ്ങളെ; പ്രത്യേകിച്ച് ഭിന്നശേഷിക്കാരായ വയോജനങ്ങളെ, ലക്ഷ്യമിട്ട് നടത്തുന്ന ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതിനാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനും വേണ്ടിയാണ് ജില്ലയിലെ തെരഞ്ഞെടുത്ത ഒരു ആശുപത്രിയിൽ സമഗ്ര വയോജന പരിചരണ സംവിധാനം ആരംഭിക്കുന്നത്. സമഗ്ര വയോജന പരിചരണ സംവിധാനം ആരംഭിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെയും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അനുബന്ധം 5 ൽ നൽകിയിട്ടുണ്ട്.

(3) ജീവനക്കാരെ എൻ.എച്ച്.എം വഴി നിയോഗിക്കുന്നതും വേതനം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകുന്നതുമാണ്.

(4) യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേതനം ഒഴികെയുള്ള മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ (SOP) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

## 2.7 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ - 1260 ലക്ഷം രൂപ

1. ജീവിതശൈലീ രോഗങ്ങൾ ഉള്ളവരുടെ എണ്ണം കേരളത്തിൽ വർദ്ധിക്കുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്. രക്താതിമർ ദ്ദം (Hypertension), പ്രമേഹം തുടങ്ങിയ രോഗങ്ങൾ ഉള്ളവരിൽ വർഷംതോറും സങ്കീർണ്ണങ്ങളായ പക്ഷാഘാതം, ഹൃദയരോഗങ്ങൾ, കിഡ്നി രോഗങ്ങൾ തുടങ്ങിയവ വരാനുള്ള സാധ്യത കൂടുതലാണ് ആയതിനാൽ രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ കൃത്യമായി നിയന്ത്രിച്ച് നിർത്തേണ്ടതും സങ്കീർണ്ണതകൾ വരുന്നുണ്ടോ എന്ന് വർഷം തോറും പരിശോധിക്കേണ്ടതും അത്യാവശ്യമാണ്.

2. നിലവിൽ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലീ രോഗങ്ങൾക്ക് ചികിത്സ നൽകി വരുന്നുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി രോഗികളുടെ ഭക്ഷണരീതിയും വ്യായാമ ശീലവും ക്രമീകരിക്കുന്നതിനുള്ള ഇടപെടലുകളും നടന്നുവരുന്നു. രക്താതിമർദ്ദം, പ്രമേഹം എന്നിവയ്ക്ക് ചികിത്സ എടുക്കുന്ന രോഗികൾക്ക് വർഷംതോറും സങ്കീർണ്ണതകൾ വരുന്നുണ്ടോ എന്ന് സമഗ്രമായി പരിശോധിക്കാനുള്ള സംവിധാനമാണ് 3 6 0 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ (Non-Communicable Diseases Care Centre). ഒരു ജില്ലയിൽ രണ്ട് ആരോഗ്യ സ്ഥാപനങ്ങളിലാണ് സെന്റർ ആരംഭിക്കുന്നത്. 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ ആരംഭിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെയും ഗ്രാന്റ് അനുവദിച്ച നഗരഭരണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അനുബന്ധം 6 ൽ നൽകിയിട്ടുണ്ട്.

3. ജീവനക്കാരെ എൻ.എച്ച്.എം വഴി നിയോഗിക്കുന്നതും വേതനം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകുന്നതുമാണ്.

4. യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേതനം ഒഴികെയുള്ള മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ (SOP) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

**3. ഇനം 2.4, 2.5, 2.6, 2.7 എന്നിവയ്ക്ക് ബാധകമായ പൊതു നിർദേശങ്ങൾ**

3.1 പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ, പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ, വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണ സംവിധാനം, 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ എന്നീ പ്രോജക്ടുകൾ ചിലയിടങ്ങളിൽ നഗരഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ (ഉദാ: ജനറൽ ആശുപത്രി) മുഖേന നടപ്പാക്കുന്നതിനാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. അത്തരം ആശുപത്രികളിൽ ഈ പ്രോജക്ട് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രികളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസർക്ക് ഈ പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നിശ്ചയിച്ച് നൽകിക്കൊണ്ട് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകുന്നതാണ്. ഇപ്രകാരം ആരോഗ്യ വകുപ്പ് ചുമതല നിശ്ചയിച്ച് നൽകുന്ന മെഡിക്കൽ ഓഫിസർമാർ, അവർ നഗരഭരണ സ്ഥാപനത്തിന് കൈമാറിയ ഉദ്യോഗസ്ഥർ അല്ലെങ്കിൽ പോലും, ഈ പ്രോജക്ട് നടപ്പാക്കുന്നതിന് നഗരഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കേണ്ടതാണ്.

3.2 നഗരഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രിയുടെ കാര്യത്തിൽ ആ ആശുപത്രിയിലെ ഒരു മെഡിക്കൽ ഓഫീസർക്ക് പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നഗരഭരണ സ്ഥാപനം നിശ്ചയിച്ച് നൽകേണ്ടതാണ്.

3.3 മേല്പറഞ്ഞ നാല് പ്രോജക്ടുകളും നടപ്പാക്കുന്നതിന് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട ആശുപത്രിയിൽ നിലവിലുള്ള കെട്ടിടത്തിൽ തന്നെ കണ്ടെത്തേണ്ടതും അവശ്യം വേണ്ട നവീകരണ പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ് (നിർവ്വഹണ ഉദ്യോഗസ്ഥൻ - എഞ്ചിനീയർ) . യൂണിറ്റ് /സെന്റർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഫർണിച്ചർ, മറ്റ് അത്യാവശ്യ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങാവുന്നതാണ് (നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി) . മെഡിക്കൽ ഉപകരണങ്ങൾ ആവശ്യമാണെങ്കിൽ ആ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ആയിരിക്കണം. മേല്പറഞ്ഞ ചെലവുകൾ വഹിക്കുന്നതിന് വേണ്ട തുക പ്രോജക്ടിനായി അനുവദിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റിൽ നിന്നും കണ്ടെത്താവുന്നതാണ്.

**4. നിർവ്വഹണ നടപടികൾ**

4.1 മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പരാമർശം 8 പ്രകാരം അനുവദിച്ച തുക വിനിയോഗിക്കുന്നതിന് 2021-22ലെ ഹെൽത്ത് ഗ്രാന്റിന്റെ കാര്യത്തിൽ പരാമർശം 3 പ്രകാരം നിശ്ചയിച്ചതും ചുവടെ നൽകിയിരിക്കുന്നതുമായ നടപടിക്രമങ്ങൾ ബാധകമായിരിക്കും.

4.2 2021-22ലെ ഹെൽത്ത് ഗ്രാന്റിന്റെ രണ്ടാം ഗഡുവായി ലഭിച്ച തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പ്രത്യേക സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

4.3 ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചശേഷം നഗരസഭാ കൗൺസിൽ പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകേണ്ടതുമാണ്.

4.4 പ്രോജക്ടുൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ ക്ലിയറൻസ് ആവശ്യമില്ല വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടുകൂടി നിർവ്വഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങണം.

4.5 പ്രോജക്ടുകളിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകൾ സംയോജിപ്പിക്കേണ്ടതില്ല. എന്നാൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ലക്ഷ്യമിടുന്ന സേവനങ്ങളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് അധിക പ്രവൃത്തി നിർവ്വഹിക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അത് വികസനഫണ്ട്, തനത് ഫണ്ട് തുടങ്ങിയ അനുവദനീയമായ ഫണ്ടുകൾ വകയിരുത്തി വാർഷിക പദ്ധതിയുടെ ഭാഗമായി പ്രത്യേകം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

4.6 ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേന നിർവ്വഹിക്കേണ്ടതാണ്. പ്രോജക്ടുകളുടെ പേയ്മെന്റ് സംബന്ധമായ കാര്യങ്ങൾക്ക്; പരാമർശം 2 പ്രകാരമുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കും.

4.7 ഈ ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ **ജൂൺ 10** നകം പൂർത്തിയാക്കേണ്ടതാണ്.

4.8 ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഭേദഗതി ആവശ്യമായി വരികയാണെങ്കിൽ അവ ഭേദഗതി ചെയ്ത് വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോട്ടു കൂടി നിർവ്വഹണം തുടരാവുന്നതാണ്. പ്രോജക്ടുകളുടെ ഭേദഗതികൾക്കും ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ ക്ലിയറൻസ് ഇല്ലാതെ തന്നെ നിർവ്വഹണം തുടരാവുന്നതാണ്.

4.9 തദ്ദേശ ഭരണസ്ഥാപനങ്ങൾ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്ന പ്രവർത്തനങ്ങളും പ്രോജക്ടുകളുടെ വെറ്റിംഗ് പ്രക്രിയയും ജില്ലാ ആസൂത്രണസമിതിയും ജില്ലാ മെഡിക്കൽ ഓഫീസറും മോണിട്ടർ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
6. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
7. ഡയറക്ടർ, ആരോഗ്യ വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju.l.s.
സെക്ഷൻ ഓഫീസർ
Date: 22-05-2023 14:12:36

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അനുബന്ധം –1

**പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ, ക്യാൻസർ കെയർ എന്നീ പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിന് ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങൾ**

(Rs. Lakh)

| Sl. No. | District | Name of Municipality/ Corporation | Grant for Universalization of Palliative Care in Urban Areas | Grant for Comprehensive Programme for the Prevention, Early Detection and Management of Oral, Breast and Cervical Cancer |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | Thiruvananthapuram | TVM Corporation | 72 | 6.15 |
| 2 | | Attingal Municipality | 24 | 2.05 |
| 3 | | Neyyattinkara Municipality | 24 | 2.05 |
| 4 | | Nedumangad Municipality | 24 | 2.05 |
| 5 | | Varkala Municipality | 24 | 2.05 |
| 6 | Kollam | Kollam Corporation | 48 | 4.10 |
| 7 | | Karunagappally Municipality | 24 | 2.05 |
| 8 | | Paravur Municipality | 24 | 2.05 |
| 9 | | Kottarakkara Municipality | 24 | 2.05 |
| 10 | | Punalur Municipality | 24 | 2.05 |
| 11 | Pathanamthitta | Pathanamthitta Municipality | 24 | 2.05 |
| 12 | | Adoor Municipality | 24 | 2.05 |
| 13 | | Pandalam Municipality | 24 | 2.05 |
| 14 | | Thiruvalla Municipality | 24 | 2.05 |
| 15 | Alappuzha | Alappuzha Municipality | 24 | 2.05 |
| 16 | | Kayamkulam Municipality | 24 | 2.05 |
| 17 | | Cherthala Municipality | 24 | 2.05 |
| 18 | | Mavelikkara Municipality | 24 | 2.05 |
| 19 | | Haripad Municipality | 24 | 2.05 |
| 20 | | Chengannur Municipality | 24 | 2.05 |
| 21 | Kottayam | Kottayam Municipality | 24 | 2.05 |
| 22 | | Changanassery Municipality | 24 | 2.05 |
| 23 | | Vaikom Municipality | 24 | 2.05 |
| 24 | | Pala Municipality | 24 | 2.05 |
| 25 | | Ettumanoor Municipality | 24 | 2.05 |
| 26 | | Erattupetta Municipality | 24 | 2.05 |
| 27 | Idukki | Thodupuzha Municipality | 24 | 2.05 |
| 28 | | Kattappana Municipality | 24 | 2.05 |
| 29 | Ernakulam | Kochi Corporation | 72 | 6.15 |
| 30 | | Aluva Municipality | 24 | 2.05 |

| Sl. No. | District | Name of Municipality/ Corporation | Grant for Universalization of Palliative Care in Urban Areas | Grant for Comprehensive Programme for the Prevention, Early Detection and Management of Oral, Breast and Cervical Cancer |
|---|---|---|---|---|
| 31 | | Angamaly Municipality | 24 | 2.05 |
| 32 | | Kalamassery Municipality | 24 | 2.05 |
| 33 | | Kothamangalam Municipality | 24 | 2.05 |
| 34 | | Muvattupuzha Municipality | 24 | 2.05 |
| 35 | | North Paravoor Municipality | 24 | 2.05 |
| 36 | | Maradu Municipality | 24 | 2.05 |
| 37 | | Perumbavoor Municipality | 24 | 2.05 |
| 38 | | Thrikkakara Municipality | 24 | 2.05 |
| 39 | | Thripunithura Municipality | 24 | 2.05 |
| 40 | | Eloor Municipality | 24 | 2.05 |
| 41 | | Koothattukulam Municipality | 24 | 2.05 |
| 42 | | Piravam Municipality | 24 | 2.05 |
| 43 | Thrissur | Thrissur Corporation | 48 | 4.10 |
| 44 | | Chalakkudy Municipality | 24 | 2.05 |
| 45 | | Chavakkad Municipality | 24 | 2.05 |
| 46 | | Guruvayoor Municipality | 24 | 2.05 |
| 47 | | Irinjalakuda Municipality | 24 | 2.05 |
| 48 | | Kodungallur Municipality | 24 | 2.05 |
| 49 | | Kunnamkulam Municipality | 24 | 2.05 |
| 50 | | Wadakkancheri Municipality | 24 | 2.05 |
| 51 | Palakkad | Palakkad Municipality | 24 | 2.05 |
| 52 | | Ottappalam Municipality | 24 | 2.05 |
| 53 | | Mannarkad Municipality | 24 | 2.05 |
| 54 | | Cherpulassery Municipality | 24 | 2.05 |
| 55 | | Pattambi Municipality | 24 | 2.05 |
| 56 | | Shoranur Municipality | 24 | 2.05 |
| 57 | | Chittur Thathamangalam Municipality | 24 | 2.05 |
| 58 | Malappuram | Malappuram Municipality | 24 | 2.05 |
| 59 | | Manjeri Municipality | 24 | 2.05 |
| 60 | | Kottakkal Municipality | 24 | 2.05 |
| 61 | | Perinthalmanna Municipality | 24 | 2.05 |
| 62 | | Ponnani Municipality | 24 | 2.05 |
| 63 | | Tirur Municipality | 24 | 2.05 |
| 64 | | Tanur Municipality | 24 | 2.05 |

| Sl. No. | District | Name of Municipality/ Corporation | Grant for Universalization of Palliative Care in Urban Areas | Grant for Comprehensive Programme for the Prevention, Early Detection and Management of Oral, Breast and Cervical Cancer |
|---|---|---|---|---|
| 65 | | Nilamboor Municipality | 24 | 2.05 |
| 66 | | Tirurangady Municipality | 24 | 2.05 |
| 67 | | Parappanagady Municipality | 24 | 2.05 |
| 68 | | Valanchery Municipality | 24 | 2.05 |
| 69 | | Kondotty Municipality | 24 | 2.05 |
| 70 | Kozhikode | Kozhikode Corporation | 72 | 6.15 |
| 71 | | Ramanattukara Municipality | 24 | 2.05 |
| 72 | | Feroke Municipality | 24 | 2.05 |
| 73 | | Payyoli Municipality | 24 | 2.05 |
| 74 | | Mukkam Municipality | 24 | 2.05 |
| 75 | | Koduvally Municipality | 24 | 2.05 |
| 76 | | Koyilanady Municipality | 24 | 2.05 |
| 77 | | Vadakara Municipality | 24 | 2.05 |
| 78 | Wayanad | Mananthavady Municipality | 24 | 2.05 |
| 79 | | Sulthanbathery Municipality | 24 | 2.05 |
| 80 | | Kalpetta Municipality | 24 | 2.05 |
| 81 | Kannur | Kannur Corporation | 48 | 4.10 |
| 82 | | Koothuparamba Municipality | 24 | 2.05 |
| 83 | | Mattannur Municipality | 24 | 2.05 |
| 84 | | Payyannur Municipality | 24 | 2.05 |
| 85 | | Thalassery Municipality | 24 | 2.05 |
| 86 | | Anthoor Municipality | 24 | 2.05 |
| 87 | | Iritty Municipality | 24 | 2.05 |
| 88 | | Sreekandapuram Municipality | 24 | 2.05 |
| 89 | | Panoor Municipality | 24 | 2.05 |
| 90 | | Thaliparamba Municipality | 24 | 2.05 |
| 91 | Kasargod | Kasaragod Municipality | 24 | 2.05 |
| 92 | | Kanhangad Municipality | 24 | 2.05 |
| 93 | | Nileshwaram Municipality | 24 | 2.05 |
| | | **Total** | **2448** | **209.10** |

**നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ആവർത്തന ചെലവുകൾക്കുള്ള ഗ്രാന്റ് അനുവദിച്ച നഗരണ ഭരണ സ്ഥാപനങ്ങൾ**

(Rs. Lakh)

| Sl No. | District | Name of Municipality/ Corporation | Grant for Recurring Cost of UPHCs | Grant for Recurring Cost of CHCs/PHCs/FHCs in Urban Area |
|---|---|---|---|---|
| 1 | Thiruvanantha-puram | TVM Corporation | 43.35 | 37.57 |
| 2 | | Neyyattinkara Municipality | 5.78 | 2.89 |
| 3 | | Nedumangad Municipality | 2.89 | 0 |
| 4 | | Varkala Municipality | 2.89 | 0 |
| 5 | Kollam | Kollam Corporation | 8.67 | 14.45 |
| 6 | | Karunagappally Municipality | 2.89 | 0 |
| 7 | | Paravur Municipality | 0 | 2.89 |
| 8 | | Punalur Municipality | 2.89 | 0 |
| 9 | Pathanamthitta | Pathanamthitta Municipality | 2.89 | 2.89 |
| 10 | | Adoor Municipality | 0 | 2.89 |
| 11 | | Pandalam Municipality | 0 | 2.89 |
| 12 | | Thiruvalla Municipality | 2.89 | 2.89 |
| 13 | Alappuzha | Alappuzha Municipality | 11.56 | 0 |
| 14 | | Kayamkulam Municipality | 2.89 | 0 |
| 15 | | Cherthala Municipality | 2.89 | 0 |
| 16 | Kottayam | Kottayam Municipality | 5.78 | 2.89 |
| 17 | | Changanassery Municipality | 2.89 | 0 |
| 18 | | Ettumanoor Municipality | 0 | 2.89 |
| 19 | | Erattupetta Municipality | 0 | 2.89 |
| 20 | Idukki | Thodupuzha Municipality | 2.89 | 0 |
| 21 | | Kattappana Municipality | 2.89 | 0 |
| 22 | Ernakulam | Ernakulam Corporation | 37.57 | 2.89 |
| 23 | | Kalamassery Municipality | 2.89 | 2.89 |
| 24 | | Maradu Municipality | 0 | 5.78 |
| 25 | | Thrikkakara Municipality | 2.89 | 5.78 |
| 26 | | Thripunithura Municipality | 2.89 | 8.67 |
| 27 | | Eloor Municipality | 0 | 2.89 |
| 28 | | Koothattukulam Municipality | 0 | 2.89 |
| 29 | Thrissur | Thrissur Corporation | 8.67 | 14.45 |
| 30 | | Chalakkudy Municipality | 2.89 | 0 |
| 31 | | Guruvayoor Municipality | 2.89 | 5.78 |
| 32 | | Irinjalakuda Municipality | 0 | 2.89 |
| 33 | | Kodungallur Municipality | 2.89 | 2.89 |
| 34 | | Kunnamkulam Municipality | 2.89 | 2.89 |
| 35 | | Wadakkancheri Municipality | 0 | 2.89 |
| 36 | Palakkad | Palakkad Municipality | 8.67 | 2.89 |

| Sl No. | District | Name of Municipality/ Corporation | Grant for Recurring Cost of UPHCs | Grant for Recurring Cost of CHCs/PHCs/FHCs in Urban Area |
|---|---|---|---|---|
| 37 | | Ottappalam Municipality | 2.89 | 2.89 |
| 38 | | Cherpulassery Municipality | 0 | 2.89 |
| 39 | | Shoranur Municipality | 2.89 | 2.89 |
| 40 | Malappuram | Malappuram Municipality | 2.89 | 0 |
| 41 | | Manjeri Municipality | 5.78 | 0 |
| 42 | | Kottakkal Municipality | 2.89 | 2.89 |
| 43 | | Perinthalmanna Municipality | 2.89 | 0 |
| 44 | | Ponnani Municipality | 5.78 | 2.89 |
| 45 | | Tirur Municipality | 2.89 | 0 |
| 46 | | Tanur Municipality | 2.89 | 2.89 |
| 47 | | Nilamboor Municipality | 2.89 | 0 |
| 48 | | Tirurangady Municipality | 2.89 | 0 |
| 49 | | Parappanagady Municipality | 2.89 | 5.78 |
| 50 | | Valanchery Municipality | 2.89 | 2.89 |
| 51 | | Kondotty Municipality | 2.89 | 0 |
| 52 | Kozhikode | Kozhikode Corporation | 23.12 | 14.45 |
| 53 | | Ramanattukara Municipality | 0 | 2.89 |
| 54 | | Feroke Municipality | 2.89 | 0 |
| 55 | | Payyoli Municipality | 2.89 | 2.89 |
| 56 | | Mukkam Municipality | 0 | 2.89 |
| 57 | | Koduvally Municipality | 0 | 2.89 |
| 58 | | Koyilanady Municipality | 2.89 | 0 |
| 59 | | Vadakara Municipality | 2.89 | 2.89 |
| 60 | Wayanad | Mananthavady Municipality | 0 | 2.89 |
| 61 | | Sulthanbathery Municipality | 2.89 | 2.89 |
| 62 | | Kalpetta Municipality | 2.89 | 0 |
| 63 | Kannur | Kannur Corporation | 2.89 | 14.45 |
| 64 | | Koothuparamba Municipality | 2.89 | 0 |
| 65 | | Mattannur Municipality | 2.89 | 2.89 |
| 66 | | Payyannur Municipality | 2.89 | 0 |
| 67 | | Thalassery Municipality | 2.89 | 2.89 |
| 68 | | Anthoor Municipality | 2.89 | 5.78 |
| 69 | | Sreekandapuram Municipality | 0 | 2.89 |
| 70 | | Panoor Municipality | 2.89 | 8.67 |
| 71 | | Thaliparamba Municipality | 2.89 | 0 |
| 72 | Kasargod | Kasaragod Municipality | 2.89 | 0 |
| 73 | | Kanhangad Municipality | 2.89 | 0 |
| 74 | | Nileshwaram Municipality | 2.89 | 2.89 |
| | | **Total** | **300.56** | **245.65** |

## നഗര മേഖലയിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങൾ

| Sl No | District | Name of Municipality/Corporation to which the grant is sanctioned | Grant for Establishing PHUs (Rs. Lakh) |
|---|---|---|---|
| 1 | Thiruvanantha-puram | Thiruvananthapuram Corporation | 80.95 |
| 2 | Kollam | Kollam Corporation | 80.95 |
| 3 | Pathanamthitta | Pathanamthitta Municipality | 80.95 |
| 4 | Alappuzha | Alappuzha Municipality | 80.95 |
| 5 | Kottayam | Kottayam Municipality | 80.95 |
| 6 | Idukki | Thodupuzha Municipality | 80.95 |
| 7 | Eranakulam | Kochi Corporation | 80.95 |
| 8 | Thrissur | Thrissur Corporation | 80.95 |
| 9 | Palakkad | Palakkad Municipality | 80.95 |
| 10 | Malappuram | Malappuram Municipality | 80.95 |
| 11 | Kozhikode | Kozhikode Corporation | 80.95 |
| 12 | Wayanad | Kalpetta Municipality | 80.95 |
| 13 | Kannur | Kannur Corporation | 80.95 |
| 14 | Kasargod | Kasaragod Municipality | 80.95 |
| | **Total** | **X** | **1133.30** |

അനുബന്ധം –4

## നഗര മേഖലയിൽ പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളും

| Sl No | District | Name of Health Institution | Name of Municipality/Corporation to which the grant is sanctioned | Grant for Establishing Urban Poly Dental Clinics (Rs. Lakh) |
|---|---|---|---|---|
| 1 | Thiruvananthapuram | 1. THQH Varkala | Varkala Municipality | 60 |
| 2 | Thiruvananthapuram | 2. TH Attingal | Attingal Municipality | 60 |
| 3 | Thiruvananthapuram | 3. TH Fort | Thiruvananthapuram Corporation | 60 |
| 4 | Kollam | 1. THQH Punalur | Punalur Municipality | 60 |
| 5 | Kollam | 2. THQH Kottarakkara | Kottarakkara Municipality | 60 |
| 6 | Kollam | 3. THQH Karunagappally | Karunagappally Municipality | 60 |
| 7 | Pathanamthitta | 1.THQH Thiruvalla | Thiruvalla Municipality | 60 |
| 8 | Pathanamthitta | 2. GH Pathanamthitta | Pathanamthitta Municipality | 60 |
| 9 | Pathanamthitta | 3. GH Adoor | Adoor Municipality | 60 |
| 10 | Alappuaha | 1. THQH Kayamkulam | Kayamkulam Municipality | 60 |
| 11 | Alappuaha | 2. THQH Harippad | Haripad Municipality | 60 |
| 12 | Alappuaha | 3. THQH Cherthala | Cherthala Municipality | 60 |
| 13 | Kottayam | 1. GH Kottayam | Kottayam Municipality | 60 |
| 14 | Kottayam | 2. GH Pala | Pala Municipality | 60 |
| 15 | Kottayam | 3. GH Changanassery | Changanassery Municipality | 60 |
| 16 | Idukki | 1. DH Thodupuzha | Thodupuzha Municipality | 60 |
| 17 | Idukki | 2. THQH Kattappana | Kattappana Municipality | 60 |
| 18 | Eranakulam | 1. THQH North Paravur | North Paravoor Municipality | 60 |
| 19 | Eranakulam | 2. TH Angamay | Angamaly Municipality | 60 |
| 20 | Eranakulam | 3. THQH Thrippunnithura | Thripunithura Municipality | 60 |
| 21 | Thrissur | 1. GH Thrissur | Thrissur Corporation | 60 |
| 22 | Thrissur | 2. THQH Kodungallur | Kodungallur Municipality | 60 |
| 23 | Thrissur | 3. THQH Chalakudy | Chalakkudy Municipality | 60 |
| 24 | Palakkad | 1. THQH Ottapalam | Ottappalam Municipality | 60 |
| 25 | Palakkad | 2. THQH Mannarkkad | Mannarkad Municipality | 60 |
| 26 | Palakkad | 3. TH Chittur | Chittur Thathamangalam Municipality | 60 |

| Sl No | District | Name of Health Institution | Name of Municipality/Corporation to which the grant is sanctioned | Grant for Establishing Urban Poly Dental Clinics (Rs. Lakh) |
|---|---|---|---|---|
| 27 | Malappuram | 1. THQH Kondotty | Kondotty Municipality | 60 |
| 28 | Malappuram | 2. TH Ponnani | Ponnani Municipality | 60 |
| 29 | Malappuram | 3. THQH Thirurangadi | Tirurangady Municipality | 60 |
| 30 | Kozhikkode | 1. DH Vadakara | Vadakara Municipality | 60 |
| 31 | Kozhikkode | 2. THQH Koyilandy | Koyilanady Municipality | 60 |
| 32 | Kozhikkode | 3. TH Feroke | Feroke Municipality | 60 |
| 33 | Wayanad | 1. GH Kalpetta | Kalpetta Municipality | 60 |
| 34 | Wayanad | 2. TH Sulthan Bathery | Sulthanbathery Municipality | 60 |
| 35 | Kannur | 1. THQH Thaliparambu | Thaliparamba Municipality | 60 |
| 36 | Kannur | 2. TH Koothuparamba | Koothuparamba Municipality | 60 |
| 37 | Kannur | 3. TH Iritty | Iritty Municipality | 60 |
| 38 | Kasargod | 1. GH Kasargod | Kasaragod Municipality | 60 |
| 39 | Kasargod | 2. DH Kanhangad | Kanhangad Municipality | 60 |
| 40 | Kasargod | 3. TH Neeleswar | Nileshwaram Municipality | 60 |
| | **Total** | **X** | **X** | **2400** |

## വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണ സംവിധാനം ആരംഭിക്കുന്നതിന് തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളും

| Sl No | District | Name of Health Institution | Name of Municipality/Corporation to which the grant is sanctioned | Grant for Establishing Urban Multi-Disciplinary Unit for the Total Health care of the Elderly and the Differently Abled Elderly (Rs. Lakh) |
|---|---|---|---|---|
| 1 | Thiruvanantha-puram | THQH Varkala | Varkala Municipality | 102.385 |
| 2 | Kollam | THQH Kottarakkara | Kottarakkara Municipality | 102.385 |
| 3 | Pathanamthitta | THQH Thiruvalla | Thiruvalla Municipality | 102.385 |
| 4 | Alappuzha | DH Mavelikkara | Mavelikkara Municipality | 102.385 |
| 5 | Kottayam | GH Changancherry | Changanassery Municipality | 102.385 |
| 6 | Idukki | THQH Kattappana | Kattappana Municipality | 102.385 |
| 7 | Eranakulam | THQH Fort Kochi | Kochi Corporation | 102.385 |
| 8 | Thrissur | THQH Kodungallur | Kodungallur Municipality | 102.385 |
| 9 | Palakkad | DH Palakkad | Palakkad Municipality | 102.385 |
| 10 | Malappuram | THQH Nilambur | Nilamboor Municipality | 102.385 |
| 11 | Kozhikkod | GH Kozhikode | Kozhikode Corporation | 102.385 |
| 12 | Kannur | THQH Koothuparamba | Koothuparamba Municipality | 102.385 |
| 13 | Wayanad | THQH Batheri | Sulthanbathery Municipality | 102.385 |
| 14 | Kasargod | DH Kanjangad | Kanhangad Municipality | 102.385 |
| | **Total** | | | **1433.39** |

അനുബന്ധം -6

**360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ ആരംഭിക്കുന്നതിന് തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളും**

| Sl No | District | Name of Health Institution | Name of Municipality/Corporation to which the grant is sanctioned | Grant for 360 Degree NCD Care Centres (Rs. Lakh) |
|---|---|---|---|---|
| 1 | Thiruvanantha-puram | DMH Peroorkada | Thiruvananthapuram Corporation | 45 |
| 2 | Thiruvanantha-puram | THQH Varkala | Varkala Municipality | 45 |
| 3 | Kollam | DH Kollam | Kollam Corporation | 45 |
| 4 | Kollam | THQH Kottarakkara | Kottarakkara Municipality | 45 |
| 5 | Alappuaha | GH Alappuzha | Alappuzha Municipality | 45 |
| 6 | Alappuaha | THQH Kayamkulam | Kayamkulam Municipality | 45 |
| 7 | Pathanamthitta | GH Pathanmthitta | Pathanamthitta Municipality | 45 |
| 8 | Pathanamthitta | GH Adoor | Adoor Municipality | 45 |
| 9 | Kottayam | GH Kottayam | Kottayam Municipality | 45 |
| 10 | Kottayam | GH Pala | Pala Municipality | 45 |
| 11 | Idukki | DH Thodupuzha | Thodupuzha Municipality | 45 |
| 12 | Idukki | THQH Kattappana | Kattappana Municipality | 45 |
| 13 | Eranakulam | GH Moovattupuzha | Muvattupuzha Municipality | 45 |
| 14 | Eranakulam | THQH North Paravoor | North Paravoor Municipality | 45 |
| 15 | Thrissur | GH Thrissur | Thrissur Corporation | 45 |
| 16 | Thrissur | THQH Chavakkad | Chavakkad Municipality | 45 |
| 17 | Palakkad | DH Palakkad | Palakkad Municipality | 45 |
| 18 | Palakkad | THQH Ottappalam | Ottappalam Municipality | 45 |
| 19 | Malappuram | DH Tirur | Tirur Municipality | 45 |
| 20 | Malappuram | THQH Thirurangadi | Tirurangady Municipality | 45 |
| 21 | Kozhikode | GH Kozhikode | Kozhikode Corporation | 45 |
| 22 | Kozhikode | DH Vadakara | Vadakara Municipality | 45 |
| 23 | Wayanad | DH Mananthavadi | Mananthavady Municipality | 45 |
| 24 | Wayanad | THQH Batheri | Sulthanbathery Municipality | 45 |
| 25 | Kannur | DH Kannur | Kannur Corproation | 45 |
| 26 | Kannur | TH Thalipparamba | Thaliparamba Municipality | 45 |
| 27 | Kasargod | GH Kasargod | Kasaragod Municipality | 45 |
| 28 | Kasargod | THQH Nileeswar | Nileshwaram Municipality | 45 |
| | **Total** | **X** | **X** | **1260** |